036513

F13

പ്രേക്ഷിതൻ

സി.രാധാകൃഷ്ണൻ
സാഫല്യം, വി.ആർ.എ. -26
നിയർ വിവേകാനന്ദ ലയിൻ
വട്ടിയൂർക്കാവ്- പി.ഒ., തിരുവനന്തപുരം.13

സ്വീകർത്താവ്

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ കാര്യാലയം
വികാസ് ഭവൻ, തിരുവനന്തപുരം.

സാർ,

വിഷയം;-വിവരാവകാശ നിയമം - അംഗപരിമിതരായ സർക്കാർ ജീവനക്കാരുടെ ആവശ്യങ്ങൾ സംബന്ധിച്ച്-മറുപടിക്ക് വേണ്ടി

1) സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റിലെ നം.3820/ബി1/2013/എസ്.ജെ.ഡി. തീയതി 21-3-2013 എന്ന നമ്പരിലുള്ള ഫയലിൽ ഇതുവരെ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ ഫയലിന്റെ അവസ്ഥ എന്താണ് എന്ന് വിശദീകരിക്കാമോ?

2) അംഗപരിമിതരായ സർക്കാർ ജീവനക്കാരുടെ മുൻകാല താല്ക്കാലിക സർവ്വീസ്, പെൻഷൻ ഉൾപ്പെടെയുള്ള സർവ്വീസ് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ?

3) സർക്കാർ സർവ്വീസിൽ 10 വർഷം പൂർത്തിയാക്കിയ അംഗപരിമിതരായ ജീവനക്കാർക്ക് ഫുൾപെൻഷൻ നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും ഫയലോ, എന്തെങ്കിലും നടപടികളോ സർക്കാർ തലത്തിൽ എടുത്തിട്ടുണ്ടോ എങ്കിൽ വിശദ വിവങ്ങൾ ദയവായി അറിയിക്കാമോ?

4) അംഗപരിമിതരായ സർക്കാർ ജീവനക്കാർക്ക് പ്രമോഷൻ തസ്തികകളിൽ 3% സംവരണം നല്കണമെന്ന് സുപ്രീംകോടതി വിധി ഉണ്ട്. ഇത് സംബന്ധിച്ച് സംസ്ഥാന തലത്തിൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

വിശ്വസ്തതയോടെ,

സി.രാധാകൃഷ്ണൻ

വട്ടിയൂർക്കാവ്
തീയതി: 25-10-2017